എം.പി അബ്ദുർറഹ്മാൻ കുരിക്കൾ/
സ്വദ്റുദ്ദീൻ വാഴക്കാട്

# മുസ്‌ലിം ലീഗ്-എം.ഇ.എസ് ഭിന്നതയും ജമാഅത്തിന്റെ ഐക്യ പ്രമേയവും

ജമാഅത്ത് ഒരിക്കലും സർക്കാർ ജോലി ഹറാമാണെന്നും അതിന് പ്രവർത്തകർ പോകരുതെന്നും പറഞ്ഞിട്ടില്ല. അനേകം പ്രവർത്തകർ ഗവൺമെന്റ് സർവീസിൽ ജോലി ചെയ്തിട്ടുണ്ട്. നിശ്ചിത പ്രായം പൂർത്തിയാക്കി റിട്ടയർ ചെയ്തിട്ടുമുണ്ട്. ചിലർ മുഴുസമയ പ്രസ്ഥാന പ്രവർത്തനത്തിനു വേണ്ടി ജോലി രാജിവെക്കുകയോ ലീവെടുക്കുകയോ ചെയ്തിട്ടുണ്ട്. അതാണ്, സർക്കാർ ജോലി ഹറാമാക്കി എന്ന പേരിൽ പ്രചരിപ്പിച്ചത്.

### വിമർശനങ്ങൾ

മൗദൂദിക്ക് അറബിയറിയില്ല, സർക്കാർ ജോലി ഹറാമാക്കി, ഈമാൻ കാര്യം വെട്ടിക്കുറച്ചു തുടങ്ങിയ ആരോപണങ്ങൾ ചിലർ ഉന്നയിച്ചിരുന്നു. എല്ലാം ബാലിശമായിരുന്നു. ഉദാഹരണമായി മൗദൂദിയുടെ അറബി പരിജ്ഞാനം. മൗദൂദി സാഹിബിന്റെ *തഫ്ഹീമുൽ ഖുർആൻ, ഖുർആനിലെ നാല് സാങ്കേതിക ശബ്ദങ്ങൾ* തുടങ്ങി എണ്ണമറ്റ കൃതികൾ അദ്ദേഹത്തിന്റെ അറബിഭാഷയിലുള്ള അവഗാഹം തെളിയിക്കുന്നവയാണ്. അറബിഭാഷ അറിയാത്ത ഒരാൾക്ക് ഇത്തരം കൃതികൾ രചിക്കാനേ കഴിയില്ല. പള്ളി ദർസിൽ എന്റെ സതീർഥ്യനായിരുന്നു ഒ.കെ അബൂബക്കർ മുസ്‌ലിയാർ. വെല്ലൂർ ബാഖിയാത്തിലെ മുദർരിസും സുന്നീ പണ്ഡിതനുമായിരുന്നു. അദ്ദേഹം ഹജ്ജിനു പോയപ്പോൾ മൗദൂദി സാഹിബിന്റെ പ്രസംഗം കേട്ടു. മദീനയിൽ വെച്ച് നടത്തിയ അറബിയിലുള്ള മികവുറ്റ ആ പ്രസംഗം അടുത്ത ദിവസം അറബി പത്രങ്ങളിൽ അച്ചടിച്ചുവരികയും ചെയ്തു. പ്രസംഗം പ്രസിദ്ധീകരിച്ച പത്രത്തിന്റെ കോപ്പിയും അദ്ദേഹം എനിക്ക് കൊണ്ടുവന്നിരുന്നു.

അതുപോലെ സർക്കാർ ജോലി. ജമാഅത്തിന്റെ ആദ്യകാലം മുതൽക്കുള്ള പ്രവർത്തകൻ എന്ന നിലക്ക് എനിക്ക് ഉറപ്പിച്ചു പറയാൻ കഴിയും; ജമാഅത്ത് ഒരിക്കലും സർക്കാർ ജോലി ഹറാമാണെന്നും അതിന് പ്രവർത്തകർ പോകരുതെന്നും പറഞ്ഞിട്ടില്ല. അനേകം പ്രവർത്തകർ ഗവൺമെന്റ് സർവീസിൽ ജോലി ചെയ്തിട്ടുണ്ട്. നിശ്ചിത പ്രായം പൂർത്തിയാക്കി റിട്ടയർ ചെയ്തിട്ടുമുണ്ട്. ജമാഅത്ത് പ്രവർത്തകനായതിന്റെ പേരിൽ സർവീസിൽനിന്ന് ഒഴിവാക്കപ്പെട്ട ഉത്തരേന്ത്യയിലെ ഒരു പ്രഫസർ അതിനെതിരെ കേസു കൊടുത്തിരുന്നു. ചിലർ മുഴുസമയ പ്രസ്ഥാന പ്രവർത്തനത്തിനു വേണ്ടി ജോലി രാജിവെക്കുകയോ ലീവെടുക്കുകയോ ചെയ്തിട്ടുണ്ട്. അതാണ്, സർക്കാർ ജോലി ഹറാമാക്കി എന്ന പേരിൽ പ്രചരിപ്പിച്ചത്.

ചില വിമർശനങ്ങൾ ശുദ്ധ കളവും പുസ്തകങ്ങളിൽനിന്നുള്ള ഭാഗങ്ങൾ തെറ്റായി ഉദ്ധരിച്ചുകൊണ്ടുള്ളവയുമായിരുന്നു. യാതൊരു സൂക്ഷ്മതയും ഉത്തരവാദിത്വബോധവുമില്ലാതെ ഫത്‌വകൾ ഇറക്കാൻ പണ്ഡിതന്മാർ തയാറായി. ദയൂബന്ദിൽനിന്ന് ഇറക്കിയ ഒരു ജമാഅത്ത് വിരുദ്ധ ഫത്‌വ ഇതിന്റെ ഉദാഹരണമാണ്. ദയൂബന്ദ് പണ്ഡിതന്മാരിൽ പ്രധാനി ആയിരുന്ന മുഫ്തി മൗലാനാ സയ്യിദ് മഹ്ദി ഹസന്റെ ഫത്‌വയിൽ ഇങ്ങനെ കാണാം: "പ്രസ്ഥാനത്തിന്റെ സ്ഥാപകൻ ഏറ്റവും അപകടകരമായ മറ്റൊരു പുതിയ സിദ്ധാന്തം കണ്ടുപിടിച്ചിരിക്കുന്നു. അതിതാണ്: ഒരാദർശ സംഘടന എന്ന നിലക്ക് സാന്ദർഭികമായ നന്മയെ അടിസ്ഥാനമാക്കി, നാം വിശ്വസിക്കുന്ന അടിസ്ഥാന തത്വങ്ങൾ ബലികഴിക്കുന്നത് നമുക്ക് സഹിക്കാവുന്നതാണ്' (*തർജുമാനുൽ ഖുർആൻ*, റമദാൻ-ശവ്വാൽ. ഹിജ്റ 1364-ൽനിന്ന്, 1946 ഫെബ്രുവരി പത്തൊമ്പതിലെ *സ്വിദ്ഖ്* പത്രം ഉദ്ധരിച്ചത്). ഈ നിയമമനുസരിച്ച് ഈമാനിയായ-വിശ്വാസപരം- എല്ലാ അടിസ്ഥാനങ്ങളും (ഉസ്വൂല്) അവസര താൽപര്യത്തെ അടിസ്ഥാനമാക്കി ബലികഴിക്കാവുന്നതാണ്" (ഫത്‌വ, പേജ് 34). ഇതാണ് ഫത്‌വയിലെ ആരോപണം. എന്നാൽ മൗദൂദി സാഹിബിന്റെ *തർജുമാനുൽ ഖുർആനി*ലെ വാചകത്തിൽനിന്ന് മർമപ്രധാനമായ ഒരു പദം ഒഴിവാക്കിയാണ് മുഫ്തിയുടെ ഫത്‌വ. 'നാ മുംകിൻ'- സഹിക്കാൻ സാധ്യമല്ല- എന്നാണ് മൗദൂദി എഴുതിയത്. 'നാ' വിട്ടുകളഞ്ഞ് 'മുംകിൻ' എന്നു മാത്രം ഉദ്ധരിച്ച വിമർശകർ അതിന്റെ അർഥം 'സഹിക്കാവുന്നതാണ്' എന്നു പറഞ്ഞു. 'സാന്ദർഭികമായ നേട്ടത്തിനു വേണ്ടി നമ്മുടെ അടിസ്ഥാനങ്ങൾ ബലികഴിക്കാവതല്ല' എന്ന മൗദൂദിയുടെ വീക്ഷണം അട്ടിമറിച്ച ശേഷമാണ് ഫത്‌വ നൽകിയത്. ഇതിൽ സത്യസന്ധത എത്ര

ത്തോളം ഉണ്ട്! ദയൂബന്ദ് ഫത്വക്ക് അബൂ മുഹമ്മദ് ഇമാമുദ്ദീൻ റാംനഗരി ഒരു മറുപടി എഴുതിയിട്ടുണ്ട്. പുസ്തകത്തിന്റെ പേര് 'ജമാഅത്തെ ഇസ്‌ലാമി കെ മുതഅല്ലീഖ് ഫത്വയേ ദയൂബന്ദ് കാ തഹ്ഖീഖി ജാഇസ.'

മറ്റൊരു വിമർശനം ഇലാഹുമായി ബന്ധപ്പെട്ടതാണ്. ഒരു സുന്നീ പ്രസിദ്ധീകരണം എഴുതി: "ജമാഅത്തെ ഇസ്‌ലാമിയുടെ ഇലാഹ് മുസ്‌ലിംകളുടേതല്ലത്രെ. ജമാഅത്തെ ഇസ്‌ലാമിയുടെ ഇലാഹല്ല, ഹിന്ദുക്കളുടെ ഇലാഹല്ല, ക്രിസ്ത്യാനികളുടെ ഇലാഹല്ല, പ്രപഞ്ചത്തിന്റെ അതിനായകനാണ്. അഖിലേന്ത്യാ അമീറിന്റെ പ്രസംഗമാണിത്. നന്ദി! കേരള മുസ്‌ലിംകളുടെ മുമ്പിൽ ഇപ്പോഴെങ്കിലും കാര്യം തുറന്നു പറഞ്ഞല്ലോ. ഇവിടെ ജമാഅത്തുകാർ യഥാർഥ മുസ്‌ലിംകളല്ലെന്നാണ് അവർ തന്നെ പറയുന്നത്. മുസ്‌ലിംകളായിരുന്നെങ്കിൽ ഞങ്ങളുടെ ഇലാഹ് മുസ്‌ലിംകളുടെ ഇലാഹല്ലെന്ന് പറയില്ലായിരുന്നല്ലോ. ക്രിസ്ത്യാനിയും ഹിന്ദുവുമല്ല. മറ്റേതോ ഒരു വർഗമാണ്. പ്രപഞ്ചത്തിന്റെ അതിനായകനാണത്രെ ഇവരുടെ ഇലാഹ്. മുസ്‌ലിംകളുടെ റബ്ബുൽ ആലമീനായ ഇലാഹല്ലെന്ന കാര്യം തീർച്ചയാണല്ലോ... പിന്നെ ഏതാണീ പ്രത്യേക ഇലാഹ് എന്ന് വ്യക്തമാക്കിയേതീരൂ.

ഏതായാലും മുസ്‌ലിംകളുടെ കുത്തക അവകാശപ്പെട്ട് കേരള മുസ്‌ലിംകളെ ഇനി വഞ്ചിക്കാനാവില്ല. ഇതുപോലുള്ള മുദ്രാവാക്യങ്ങൾ മുമ്പും ഇവിടെ ചിലർ മുഴക്കിയിട്ടുണ്ട്. ഞങ്ങളിലില്ല മുസ്‌ലിം രക്തം, ഞങ്ങളിലില്ല ക്രൈസ്തവ രക്തം, ഞങ്ങളിലുള്ളത് മാനവരക്തം. ഇങ്ങനെ വിളിച്ചവരുടെ പിന്തുടർച്ചക്കാരാണീ ജമാഅത്തെ ഇസ്‌ലാമിക്കാരെന്നു സമ്മേളനത്തിലൂടെ തെളിയിച്ചത് വൻ നേട്ടം തന്നെ" (*സുന്നീ വോയ്സ്* 1985 മാർച്ച് 11).

മലപ്പുറം ജില്ലയിലെ മക്കരപറമ്പ് ദഅ്‌വത്ത് നഗറിൽ നടന്ന ജമാഅത്തെ ഇസ്‌ലാമി സമ്മേളനത്തിൽ അന്നത്തെ കേരള അമീറായിരുന്ന ടി.കെ അബ്ദുല്ല സാഹിബ് ചെയ്ത പ്രസംഗമാണിത്. വിമർശകർ എഴുതിയപോലെ അഖിലേന്ത്യാ അമീറല്ല. പ്രസംഗത്തിലെ ചില ഭാഗങ്ങൾ വെട്ടിക്കളഞ്ഞാണ് ഉദ്ധരിച്ചത്. പൂർണ രൂപം വായിച്ചാൽ വിമർശനത്തിലെ കള്ളത്തരം മനസ്സിലാക്കാൻ പ്രയാസമുണ്ടാവില്ല. ''ജമാഅത്തെ ഇസ്‌ലാമി വിശ്വസിക്കുന്ന ദൈവം മുസ്‌ലിംകളുടെ മാത്രം ദൈവമല്ല; ജമാഅത്തെ ഇസ്‌ലാമി വിശ്വസിക്കുന്ന ദൈവം ഹിന്ദുക്കളുടെ മാത്രം ഈശ്വരനല്ല. ജമാഅത്തെ ഇസ്‌ലാമി വിശ്വസിക്കുന്ന ദൈവം ക്രിസ്ത്യാനികളുടെ മാത്രം കർത്താവല്ല. ജമാഅത്തെ ഇസ്‌ലാമി വിശ്വസിക്കുന്ന അല്ലാഹു ഈ പ്രപഞ്ചത്തിന്റെ അധിനായകനാണ്. റബ്ബുൽ ആലമീൻ! മനുഷ്യലോകത്തിലെ അഖില പ്രപഞ്ചത്തിന്റെ ഒരേയൊരു നാഥനിലാണ് ജമാഅത്തെ ഇസ്‌ലാമി വിശ്വസിക്കുന്നത്. എന്റെയും നിങ്ങളുടെയും പ്രപഞ്ചത്തിന്റെയും മുഴുവൻ ദൈവത്തിൽ വിശ്വസിക്കുന്ന ഒരാദർശത്തിനു വേണ്ടി മാത്രമാണ് ഞങ്ങൾ നിലകൊള്ളുന്നത്. ജമാഅത്തെ ഇസ്‌ലാമി വിശ്വസിക്കുന്ന, അനുധാവനം ചെയ്യുന്ന, പിന്തുടരുന്ന പ്രവാചകന്മാർ, വിശേഷിച്ചും അന്ത്യപ്രവാചകരായ മുഹമ്മദ് മുസ്ത്വഫ(സ) മുസ്‌ലിംകളുടെ മാത്രം പ്രവാചകനല്ല, നേരെ മറിച്ച് മനുഷ്യസമൂഹത്തിന്റെ പ്രവാചകനാണ്. സർവലോകർക്കും അനുഗ്രഹമായല്ലാതെ നാം നിന്നെ നിയോഗിച്ചിട്ടില്ല (ഖുർആൻ)".

ജമാഅത്തെ ഇസ്‌ലാമി ഈമാൻ കാര്യം ആറെണ്ണമുള്ളത് വെട്ടിക്കുറച്ച് അഞ്ചാക്കി എന്നായിരുന്നു കേരളത്തിൽ വ്യാപകമായി പ്രചരിപ്പിച്ചിരുന്ന മറ്റൊരു ആരോപണം. മൗദൂദി സാഹിബിന്റെ *ഇസ്‌ലാം മതം* എന്ന പുസ്തകത്തിൽ, 'വകതിരിച്ചുള്ള വിശ്വാസം' എന്ന തലക്കെട്ടിൽ ഈമാന്റെ അഞ്ച് കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. അല്ലാഹുവിലുള്ള വിശ്വാസം, മലക്കുകളിലുള്ള വിശ്വാസം, ദൈവിക ഗ്രന്ഥങ്ങളിലുള്ള വിശ്വാസം, ദൂതന്മാരിലുള്ള വിശ്വാസം, പരലോക വിശ്വാസം. ഇത് പലരും കുറേകാലം പൊക്കിപ്പിടിച്ചു നടന്നിരുന്നു. യഥാർഥത്തിൽ ഖുർആനിലോ ഹദീസിലോ ഈമാൻ കാര്യം എത്ര എണ്ണമുണ്ട് എന്ന് കൃത്യമായ ഒരു കണക്കും പറഞ്ഞിട്ടില്ല. ഒരു ഹദീസിലാണ് ആറ് കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്. ഖുർആനിൽ അഞ്ച് കാര്യങ്ങൾ പറഞ്ഞ ആയത്തുകളുണ്ട്. ചില പുസ്തകങ്ങളിൽ ഈമാൻ കാര്യങ്ങൾ ഏഴാണെന്നും പറഞ്ഞിട്ടുണ്ട്. ഉദാഹരണമായി പള്ളിദർസിൽ പഠിപ്പിക്കുന്ന, *ശറഹു ആമൻതു ബില്ലാഹി* എന്ന കിതാബിൽ ഈമാൻ കാര്യം ഏഴാണെന്നാണ് പറയുന്നത്. 'അല്ലാഹു, മലക്കുകൾ, വേദങ്ങൾ, പ്രവാചകന്മാർ, അന്ത്യനാൾ, ഖദ്ർ, മരണാനന്തരമുള്ള പുനരുജ്ജീവനം' എന്നിങ്ങനെ അത് എണ്ണിപ്പറഞ്ഞിരിക്കുന്നു (പേജ് 55). അല്ലാമാ അത്‌ഫിഫായത്തുള്ള ഈമാൻ കാര്യങ്ങളുടെ എണ്ണമെത്രയെന്ന ചോദ്യത്തിന് നൽകിയ ഫത്വയിലും ഇതേ ഏഴു കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത് (*തഅ്‌ലീമുൽ ഇസ്‌ലാം*, രണ്ടാം ഭാഗം, കുത്ബ്ഖാന അസീസിയ്യ, ഉർദു ബസാർ, ദൽഹി-6, പേജ് 3).

ഇങ്ങനെ ശുദ്ധ അസംബന്ധങ്ങളായ കാര്യങ്ങൾ പൊക്കിപ്പിടിച്ചുകൊണ്ടാണ് ജമാഅത്തിനെതിരെ മുമ്പ് വിമർശനങ്ങൾ നടന്നിരുന്നത്; ഇപ്പോൾ നടക്കുന്ന വിമർശനങ്ങളും അങ്ങനെത്തന്നെയാണ്. ജമാഅത്തെ ഇസ്‌ലാമി ഇത്തരം വിമർശനങ്ങൾക്കൊന്നും കാര്യമായി ചെവികൊടുക്കുകയോ അവക്ക് പിന്നാലെ മറുപടിയും വാദപ്രതിവാദങ്ങളുമായി നടക്കുകയോ ചെയ്തില്ല. അനിവാര്യ സന്ദർഭങ്ങളിൽ ചില വിമർശനങ്ങൾക്ക് വിശദീകരണം നൽകിയിട്ടുണ്ട്. അതും പൊതുസമൂഹത്തിന്റെ തെറ്റിദ്ധാരണ ദൂരീകരിക്കാൻ വേണ്ടി. ഇത്തരം വിമർശനങ്ങൾ പ്രസ്ഥാനത്തിന് കുറച്ചൊക്കെ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുമുണ്ട്. വിമർശന പ്രസംഗങ്ങൾ കേട്ട് ലേഖനങ്ങളും പുസ്തകങ്ങളും വായിച്ച പലരും പ്രസ്ഥാനത്തെ പഠിക്കുകയും അനന്തരം പ്രസ്ഥാനത്തിൽ എത്തിച്ചേരുകയുമാണ് ഉണ്ടായത്.

## മുസ്‌ലിം ഐക്യവും ജമാഅത്തെ ഇസ്‌ലാമിയും

നിരന്തരമായ ആക്ഷേപങ്ങൾക്കും ശകാരങ്ങൾക്കും വിധേയമായിട്ടും മറ്റു സംഘടനകളെ ആക്ഷേപിക്കാനോ ദീനിന് പുറത്താക്കാനോ ജമാഅത്ത് ഒരിക്കലും ശ്രമിച്ചിട്ടില്ല. പണ്ഡിതന്മാരെ കാഫിറാക്കുക, ആരോപണങ്ങൾ ഉന്നയിക്കുക, കക്ഷിത്വവും ഭിന്നതയും സൃഷ്ടിക്കുക തുടങ്ങിയവയൊന്നും പ്രസ്ഥാനത്തിന്റെ ശൈലിയല്ല. എല്ലാ സംഘടനകളോടും സഹകരിക്കാനും ഐക്യം നിലനിർത്താനുമാണ് പ്രസ്ഥാനം ശ്രമിച്ചത്. ഓർമയിലുള്ള ഒരു സംഭവമാണ്, എം.ഇ.എസ്-മുസ്‌ലിം ലീഗ് തർക്കം. 1972-ലാണ് സംഭവം. ഏകദേശം ഒരു വർഷക്കാലം രണ്ട് വിഭാഗങ്ങളും തമ്മിൽ ആരോപണ പ്രത്യാരോപണങ്ങളും വിമർശനങ്ങളും തുടർന്നു. ലീഗ് പത്രം *ചന്ദ്രിക* രൂക്ഷമായ ആക്രമണം എം.ഇ.എസിനെതിരെ അഴിച്ചുവിട്ടു. എം.ഇ.എസിനെ ബഹിഷ്കരിക്കാൻ ലീഗ് സംസ്ഥാനസമിതി മുസ്‌ലിം സമുദായത്തോട് ഒരു പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. എം.ഇ.എസ്സാകട്ടെ സംസ്ഥാനത്തുടനീളം നടത്തിയ പ്രചാരണ പൊതുയോഗങ്ങളിലൂടെ ലീഗിനെതിരെ പ്രചാരണങ്ങൾ നടത്തി. ഈ പശ്ചാത്തലത്തിൽ ഇരു വിഭാഗവും

1972 മെയ് ആദ്യവാരത്തിൽ സുന്നീ യുവജന സംഘത്തിന്റെയും കേരള നദ്‌വത്തുൽ മുജാഹിദീന്റെയും സംസ്ഥാന സമ്മേളനങ്ങൾ നടന്നു. രണ്ട് സമ്മേളനത്തിലും ഉദ്ഘാടകനായിരുന്നത് ഒരേ ആൾ; അന്നത്തെ നിയമസഭാ സ്പീക്കർ മൊയ്തീൻ കുട്ടി ഹാജി. രാവിലെ 'സമസ്ത' സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു: 'സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ ഒരു എളിയ പ്രവർത്തകൻ എന്ന നിലയിൽ സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു'. അന്നുതന്നെ രാത്രി മുജാഹിദ് പണ്ഡിത സമ്മേളനം ഉദ്ഘാടനം ചെയ്ത അദ്ദേഹം ഊന്നിപ്പറഞ്ഞതിതാണ്: 'പണ്ഡിതന്മാർ കൈകെട്ട്, ഖുനൂത്ത് തുടങ്ങിയ നിസ്സാര കാര്യങ്ങൾക്ക് തമ്മിലടിക്കരുത്. സമുദായ ഐക്യത്തിനു വേണ്ടി പ്രവർത്തിക്കണം. സുന്നീ-മുജാഹിദ് വ്യത്യാസങ്ങൾ മാറ്റിവെച്ച് സമുദായത്തിന്റെ പൊതു താൽപര്യത്തിനു വേണ്ടി ഐക്യപ്പെടണം'

തർക്ക വിതർക്കങ്ങൾ അവസാനിപ്പിച്ച് സൗഹൃദാന്തരീക്ഷം പുനഃസ്ഥാപിക്കണമെന്ന് ജമാഅത്തെ ഇസ്‌ലാമി ആവശ്യപ്പെടുകയും അതിനു വേണ്ടി മുന്നിട്ടിറങ്ങുകയും ചെയ്തു. കേരള ശൂറ അന്ന് ഒരു പ്രമേയം പാസ്സാക്കി. 'സൗഹാർദാന്തരീക്ഷം പുനഃസ്ഥാപിക്കുക, മുസ്‌ലിം ലീഗിനോടും എം.ഇ.എസ്സിനോടും കേരള ജമാഅത്തെ ഇസ്‌ലാമി' എന്ന തലക്കെട്ടിലുള്ള പ്രമേയത്തിന്റെ പൂർണ രൂപം ഇങ്ങനെയാണ്: "സത്യവിശ്വാസികൾ സഹോദരന്മാർ മാത്രമാകുന്നു എന്നത്രെ വിശുദ്ധ ഖുർആന്റെ പ്രഖ്യാപനം. മുസ്‌ലിംകൾ നാനാതരം ദുരിതങ്ങൾക്കും ഭീഷണികൾക്കും അടിക്കടി ഇരയായിക്കൊണ്ടിരിക്കുന്ന ഇത്തരുണത്തിൽ വിശേഷിച്ചും മുസ്‌ലിം സംഘടനകൾ പരസ്പര സാഹോദര്യത്തോടും സൗഹാർദത്തോടും വർത്തിക്കേണ്ടത് എത്രയും അനുപേക്ഷ്യമായിരിക്കുന്നു എന്ന കാര്യത്തിൽ രണ്ട് അഭിപ്രായമില്ല. ദൗർഭാഗ്യകരമെന്നു പറയട്ടെ, ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗിന്റെ കേരള നേതൃത്വത്തിനും മുസ്‌ലിം എജുക്കേഷനൽ സൊസൈറ്റിക്കുമിടയിൽ കുറച്ചുകാലമായി പൊട്ടിപ്പുറപ്പെട്ട തർക്കം പ്രതിപക്ഷ ബഹുമാനത്തിന്റെയും സഹിഷ്ണുതയുടെയും അവസാനത്തെ സീമ പോലും അതിലംഘിച്ച് വഷളായ രൂപം കൈക്കൊണ്ടിരിക്കുകയാണ്. ലീഗ് നേതൃത്വവും എം.ഇ.എസ് നേതൃത്വവും പരസ്പരം നടത്തുന്ന ആരോപണ പ്രത്യാരോപണങ്ങളും അപവാദ പ്രചാരണങ്ങളും സമുദായാന്തരീക്ഷം കൂടുതൽ വഷളാക്കിത്തീർക്കാൻ മാത്രമേ ഉപകരിച്ചിട്ടുള്ളൂയെന്നാണ് ഞങ്ങളുടെ വലിയ പക്ഷം. അതിനാൽ മുസ്‌ലിം ലീഗ് നേതൃത്വവും എം.ഇ.എസ് നേതൃത്വവും തമ്മിൽ എന്തുമാത്രം തർക്കവും അഭിപ്രായ ഭിന്നതയുമുണ്ടെങ്കിലും ശരി, ഇസ്‌ലാമിന്റെയും മുസ്‌ലിംസമുദായത്തിന്റെയും ഉത്തമ താൽപര്യമോർത്ത്, സമുദായത്തെ അപകട മേഖലയിലേക്ക് സത്വരം നയിച്ചുകൊണ്ടിരിക്കുന്ന ഈ ആരോപണ പ്രത്യാരോപണ വ്യഗ്രതയിൽനിന്നും അപവാദ പ്രചാരണങ്ങളിൽനിന്നും ഇരു വിഭാഗവും സൗഹാർദാന്തരീക്ഷത്തിൽ അവരവരുടെ പരിപാടികളുമായി മുന്നോട്ട് നീങ്ങാനുള്ള പോംവഴി കണ്ടെത്തണമെന്നും ജമാഅത്തെ ഇസ്‌ലാമി കേരള മജ്‌ലിസ് ശൂറായുടെ ഈ യോഗം അഭ്യർഥിച്ചുകൊള്ളുന്നു." ഈ പ്രമേയം *പ്രബോധനം* വാരിക (വാള്യം 8 ലക്കം 12, 1972 മെയ് 13) പ്രസിദ്ധീകരിച്ചിരുന്നു.

അതേവർഷം നടന്ന രസകരമായ ഒരു സംഭവമുണ്ട്. 1972 മെയ് ആദ്യവാരത്തിൽ സുന്നീ യുവജന സംഘത്തിന്റെയും കേരള നദ്‌വത്തുൽ മുജാഹിദിന്റെയും സംസ്ഥാന സമ്മേളനങ്ങൾ നടന്നു. രണ്ട് സമ്മേളനത്തിലും ഉദ്ഘാടകനായിരുന്നത് ഒരേ ആൾ; അന്നത്തെ നിയമസഭാ സ്പീക്കർ മൊയ്തീൻ കുട്ടി ഹാജി. രാവിലെ 'സമസ്ത' സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു: 'സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ ഒരു എളിയ പ്രവർത്തകൻ എന്ന നിലയിൽ സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു'. അന്നുതന്നെ രാത്രി മുജാഹിദ് പണ്ഡിത സമ്മേളനം ഉദ്ഘാടനം ചെയ്ത അദ്ദേഹം ഊന്നിപ്പറഞ്ഞതിതാണ്: 'പണ്ഡിതന്മാർ കൈകെട്ട്, ഖുനൂത്ത് തുടങ്ങിയ നിസ്സാര കാര്യങ്ങൾക്ക് തമ്മിലടിക്കരുത്. സമുദായ ഐക്യത്തിനു വേണ്ടി പ്രവർത്തിക്കണം. സുന്നീ-മുജാഹിദ് വ്യത്യാസങ്ങൾ മാറ്റിവെച്ച് സമുദായത്തിന്റെ പൊതു താൽപര്യത്തിനു വേണ്ടി ഐക്യപ്പെടണം' *പ്രബോധനം* വാരിക (1972 മെയ് 13) ഈ സംഭവം പരാമർശിച്ചിരുന്നു.

മുജാഹിദ് പണ്ഡിതന്മാർക്കുതന്നെയും മുസ്‌ലിം ഐക്യത്തെക്കുറിച്ച് നല്ല കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നു. പൊതുപ്രശ്നങ്ങളിൽ മറ്റു സംഘടനകളോട് സഹകരിക്കണമെന്ന അഭിപ്രായമുള്ള പണ്ഡിതന്മാരിലൊരാളായിരുന്നു എൻ.വി. അബ്ദുസ്സലാം മൗലവി. 'മുസ്‌ലിംകളും സാമൂഹിക ബാധ്യതകളും' എന്ന അദ്ദേഹത്തിന്റെ പുസ്തകത്തിൽ പറയുന്നത് കാണുക: "കേരളത്തിൽ മതപണ്ഡിതന്മാർക്ക് രണ്ട് സംഘടനകളുണ്ടല്ലോ. കേരള ജംഇയ്യത്തുൽ ഉലമ, സമസ്ത കേരള ജംഇയ്യത്തുൽ ഉലമ. ഇവയാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. ഇന്ത്യയൊട്ടുക്കും മതപണ്ഡിതന്മാരുടെ സംഘടന വ്യാപിപ്പിക്കുന്നതിനു മുമ്പായി ഈ രണ്ടു സംഘടനകളും തമ്മിൽ ഒരു ധാരണയുണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്. ഈ രണ്ട് സംഘടനകളും തമ്മിലുള്ള അഭിപ്രായ വ്യത്യാസം മിക്കവാറും പറഞ്ഞു തീർക്കാൻ സാധിക്കും എന്നാണ് തോന്നുന്നത്. സമുദായ നേതാക്കന്മാർ ആത്മാർഥമായി ശ്രമിക്കുന്ന പക്ഷം ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഒരു ധാരണയിലെത്തുകയെങ്കിലും ചെയ്യാമല്ലോ. ഈ രണ്ട് സംഘടനകളും തമ്മിൽ ഒന്നിക്കുവാൻ നിവൃത്തിയില്ലെങ്കിൽ ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ മൂന്നാമതൊരു സംഘടന യുണ്ടാക്കുന്നതായിരിക്കും നല്ലത്. അത്തരം ഒരു സംഘടനയുണ്ടായിരിക്കുന്നത് മുസ്‌ലിം സമുദായത്തിന്റെ രക്ഷക്ക് ഏറ്റവും അത്യാവശ്യമാണ്" (പേജ് 15, പ്രസിദ്ധീകരണം 1964).

ഇപ്പോൾ അനൈക്യത്തിന്റെയും കക്ഷിത്വത്തിന്റെയും കാരണങ്ങളായി ഉയർത്തിപ്പിടിക്കുന്ന പല പ്രശ്നങ്ങളും ശാഖാപരമാണ്. അവയിൽ വിശാല വീക്ഷണമാണ് കേരളത്തിലെ ആദ്യകാല മുജാഹിദ് പണ്ഡിതന്മാർക്കുതന്നെ ഉണ്ടായിരുന്നത്. സുബ്ഹിലെ ഖുനൂത്തും നമസ്കാരത്തിലെ തലമറയ്ക്കലും ഉദാഹരണം. ഇ.കെ മൗലവി, പി.കെ മൗലവി, എം.സി.സി അബ്ദുർറഹ്മാൻ മൗലവി

എന്നീ പ്രമുഖ മുജാഹിദ് പണ്ഡിതർ ചേർന്ന് തയാറാക്കിയ 'കിതാബുൽ അവ്വൽ ഫിൽ അമലിയ്യാത്ത്' എന്ന ഫിഖ്ഹ് ഗ്രന്ഥത്തിൽ ഖുനൂതും തലമറയ്ക്കലും സുന്നത്താണെന്ന് പറഞ്ഞിട്ടുണ്ട്. "നമസ്കരിക്കുന്നവൻ തന്റെ വസ്ത്രങ്ങളിൽനിന്ന് ഏറ്റവും നല്ലത് ധരിക്കുകയും കുപ്പായമിടുകയും തലപ്പാവ് ധരിക്കുന്നതും സുന്നത്താകുന്നു" (പേജ് 13). "സുബ്ഹിന്റെ അവസാനത്തെ ഇഅ്തിദാലിലും, മുസ്‌ലിംകൾക്ക് വല്ല ആപത്തും സംഭവിച്ചാൽ അഞ്ചു വഖ്ത് നമസ്കാരത്തിന്റെയും ഇഅ്തിദാലിലും ഖുനൂത്ത് സുന്നത്തുണ്ട്. ഖുനൂത്തിന്റെ ഉത്തമമായ സ്വീഗ ഇതാണ്. അല്ലാഹുമ്മ ഇഹ്ദിനീ....." പേജ് 18). അറബി മലയാളത്തിലാണ് പുസ്തകത്തിന്റെ രചന (ആമിറുൽ ഇസ്‌ലാം പ്രസ്, തിരൂരങ്ങാടി, പതിപ്പ് 18 1975/ഹി. 1395). ഇത്തരം വിശാല വീക്ഷണങ്ങളൊക്കെ സംഘടനാ സങ്കുചിതത്വത്തിന്റെ പേരിൽ പിൽക്കാലത്ത് വിസ്മരിക്കപ്പെടുകയാണുണ്ടായത്.

മുസ്‌ലിം ഐക്യത്തിന്റെ മാർഗത്തിലുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു ചുവടുവെപ്പായിരുന്നു 1989-ലെ കുവൈത്ത് ഐക്യ കരാർ. സമസ്ത എ.പി ഗ്രൂപ്പിന്റെ നേതാവായ കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ, മുജാഹിദ് നേതാവ് അബ്ദുസ്സമദ് അൽ കാതിബ്, ജമാഅത്ത് പ്രതിനിധി അബ്ദുർറഹ്മാൻ തറുവായി എന്നിവർ കുവൈത്ത് ഇസ്‌ലാമിക കാര്യവിഭാഗം തലവൻ നാദിർ അബ്ദുൽ അസീസ് നൂരിയുടെ ആഭിമുഖ്യത്തിൽ ഐക്യ കരാർ ഒപ്പുവെച്ചത് 1989 ഡിസംബർ 21-നായിരുന്നു. പൊതുപ്രശ്നങ്ങളിൽ ഒന്നിച്ചുനിൽക്കുമെന്നും പ്രസംഗങ്ങളിലും ലേഖനങ്ങളിലും പരസ്പരം ആക്ഷേപിക്കില്ലെന്നും കഴിയാവുന്നത്ര സഹകരിച്ച് പ്രവർത്തിക്കാമെന്നും മൂന്നുവിഭാഗവും സമ്മതിച്ച കരാർ പക്ഷേ, കേരളത്തിൽ തിരിച്ചെത്തിയ എ.പി അബൂബക്കർ മുസ്‌ലിയാർ തള്ളിപ്പറയുകയായിരുന്നു.

പ്രാദേശിക തലങ്ങളിലും എല്ലാ സംഘടനകളിലും പെട്ടവർ സഹകരിച്ച് പ്രവർത്തിക്കുന്ന വേദികളുണ്ടാക്കാനും പ്രസ്ഥാനം ശ്രമിച്ചിട്ടുണ്ട്. 1973-ലെ ഒരു ഹൽഖാ യോഗത്തിൽ മഞ്ചേരിയിൽ ഇത്തരം ഒരു കൂട്ടായ്മ ഉണ്ടാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തിരുന്നു. മഹല്ല്തലത്തിൽ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി ഉണ്ടാക്കാൻ ശ്രമിക്കണം എന്നായിരുന്നു ഹൽഖയുടെ തീരുമാനം. മഹല്ലിലെ പ്രധാനികളെ കണ്ട് പ്രദേശത്തിന്റെ സാഹചര്യങ്ങൾ ചർച്ച ചെയ്യാനും മഹല്ലിന്റെ നന്മക്കുവേണ്ടി ഒരുമിച്ച് പ്രവർത്തിക്കാനും ആലോചിച്ചു. സൗഹാർദ സമ്മേളനം സംഘടിപ്പിക്കുക, ഇതര മതവിഭാഗങ്ങളെകൂടി സഹകരിപ്പിച്ച് പൊതുപ്രശ്നങ്ങളിൽ ഇടപെടുക തുടങ്ങിയവയൊക്കെ അന്നത്തെ തീരുമാനങ്ങളിൽ പെടുന്നു. ഇപ്പോൾ, കേരളത്തിൽ പലയിടത്തും ജമാഅത്ത് പ്രവർത്തകർ മുൻകൈയെടുത്തും അല്ലാതെയും വിവിധ വിഭാഗക്കാർ ഒരുമിച്ച് നിൽക്കുന്ന സംയുക്ത സമിതികൾ പ്രവർത്തിക്കുന്നുണ്ട്.

(അവസാനിച്ചു)